# പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1091** **04.02.2019-ൽ മറുപടിയ്ക്ക്**

## മലയോര ഹൈവേയുടെ ഡി.പി.ആർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.വി.വിജയദാസ് | | ശ്രീ.ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി) | |
| (എ) | മലയോര ഹൈവേയുടെ ഡി.പി.ആർ- തയ്യാറായിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ; | (എ)<br>&<br>(ബി) | 2017-18 ബഡ്ജറ്റ് പ്രകാരം 3500 കോടി രൂപ മതിപ്പ് ചെലവിൽ മലയോര ഹൈവേയുടെ നിർമ്മാണത്തിനായി G.O(Rt) No. 942/2017/PWD dated 10/07/2017 പ്രകാരം തത്വത്തിലുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. മലയോര ഹൈവേയുടെ നിർമ്മാണം 43 റീച്ചുകളിലായി ഏറ്റെടുക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതുവരെ 656.58 കി.മീ. വരുന്ന 24 ഉപ പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. ഇതിൽ 460.60 കി.മീറ്റർ നീളം വരുന്ന 17 പ്രവൃത്തികൾക്കായി 1506.24 കോടി രൂപയുടെ അംഗീകാരം കിഫ്ബി നൽകിയിട്ടുണ്ട്. വനമേഖലയിലൂടെ കടന്ന് പോകുന്ന ഭാഗത്ത് വനഭൂമി ആവശ്യമായ സ്ഥലങ്ങളിൽ വനം വകുപ്പിൽ നിന്നും വനഭൂമി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | ഇതിലേയ്ക്കായി എത്ര കോടി രൂപയുടെ ചെലവാണ് പ്രതീക്ഷിക്കുന്നത്; | | |
| (സി) | പ്രസ്തുത ഹൈവേയുടെ നിർമ്മാണം എന്ന് ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്; | (സി) | ഇതുവരെ 155.942 കി.മീറ്റർ നീളം വരുന്ന 6 പദ്ധതികൾ ടെണ്ടർ ചെയ്തിട്ടുള്ളതും ഇതിൽ 105.985 കി.മീറ്റർ നീളം വരുന്ന 4 പദ്ധതികൾ കരാർ ഉറപ്പിച്ച് പ്രവൃത്തി ആരംഭിച്ചിട്ടുള്ളതുമാണ്. |
| (ഡി) | ഇതിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്; ഇതിലേയ്ക്കായി സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശങ്ങൾ നൽകുമോ? | (ഡി) | നിലവിൽ തുടങ്ങിയിട്ടുള്ള പ്രവൃത്തികൾക്ക് 24 മാസമാണ് പൂർത്തീകരണകാലാവധി നൽകിയിട്ടുള്ളത്. ഇതു പ്രകാരം ആഗസ്റ്റ് 2020 – ൽ നിലവിൽ തുടങ്ങിയ പ്രവൃത്തികൾ പൂർത്തീകരിക്കാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ